**<u>കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം , തിരുവനന്തപുരം</u>**

മെ.വി.വ – ജീവനക്കാര്യം – ടെലിഫോൺ ഓപ്പറേറ്റർ – തസ്തിക മാറ്റ നിയമനം കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് – ഉത്തരവാകുന്നു.

പരാമർശം :– 1. സ.ഉ.(അച്ചടി) നം. 203/80/പൊ.ഭ.വ തീയതി. 16.05.1980

2. സ.ഉ.(അച്ചടി) നം. 54/92/പൊ.ഭ.പ.വ തീയതി. 15.12.1992

3. സ.ഉ.(കൈ) നം. 189/2020/ആ.കു.വ. തീയതി. 05.11.2020

4. 10.03.2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം

**<u>ഉത്തരവ് നമ്പർ.ഇ4/1090/2020/മെ.വി.വ തീയതി: 05/05/2021</u>**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള, കോന്നി മെഡിക്കൽ കോളേജിൽ പരാമർശം3 പ്രകാരം സൃഷ്ടിക്കപ്പെട്ടതും വിവിധ സ്ഥാപനങ്ങളിലെ, പ്രതീഷിക്കപ്പെടാവുന്നതുമായ ടെലിഫോൺ ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകളിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നടത്തുന്നതിനായി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരിൽ നിന്നും പരാമർശം നാല് പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും യോഗ്യരായ ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

പവർ ലോണ്ടറി അറ്റൻഡർ, എക്സ്-റേ അറ്റൻഡർ, എന്നീ തസ്തികകൾ ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെയും പരാമർശം രണ്ട് സർക്കാർ ഉത്തരവ് പ്രകാരമുള്ള യോഗ്യത (Six months experience in handling PBX System) നേടിയിട്ടില്ലാത്ത ജീവനക്കാരെയും കരട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| റാങ്ക് നം | പേര് & തസ്തിക | സ്ഥാപനം | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച തീയതി | നിരീക്ഷണ കാലം പൂർത്തീകരിച്ച തീയതി | ജനന തീയതി |
|---|---|---|---|---|---|
| 1 | ബിനുമോൻ പി.വി. ആശുപത്രി അറ്റൻഡർ | മെഡിക്കൽ കോളേജ് കോട്ടയം | 28.11.2013 | 10.12.2014 | 16.03.1974 |
| 2 | മുരളീകൃഷ്ണൻ.എം, ഓഫീസ് അറ്റന്റന്റ് | നഴ്സിംഗ് കോളേജ് ആലപ്പുഴ | 01.01.2015 | 01.01.2016 | 30.05.1987 |

| | | | | | |
|---|---|---|---|---|---|
| 3 | ഷൈനി.കെ.രവി, ഫുൾ ടൈം സ്വീപ്പർ | മെഡിക്കൽ കോളേജ് കൊല്ലം | 01.07.2019 | 01.07.2020 | 28.05.1978 |

അതാത് സ്ഥാപന മേധാവികൾ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സീനിയോറിറ്റി പട്ടികയുടെ പകർപ്പ പരസ്യപ്പെടുത്തേണ്ടതും ആയതു ബന്ധപ്പെട്ട ജീവനക്കാർക്കു സമയ ബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്. കരട് സീനിയോറിറ്റി പട്ടിക സംബന്ധിച്ച് എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ അപ്പീലുകൾ **20.05.2021** തീയതിക്ക് മുമ്പായി അതാത് സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ടതും സ്ഥാപന മേധാവി അതിന്മേലുള്ള വ്യക്തമായ അഭിപ്രായം സഹിതം **05.06.2021** തീയതിക്ക് മുമ്പായി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കു സമർപ്പിക്കേണ്ടതുമാണ്. യഥാസമയം അപ്പീലുകൾ സമർപ്പിക്കാതെ പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ/ആക്ഷേപങ്ങൾ പിന്നീട് യാതൊരുവിധ കാരണവശാലും പരിഗണിക്കുന്നതല്ല. കരട് സീനിയോറിറ്റി പട്ടിക www.dme.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

Signature valid
Digitally signed by Devi L R
Date: 2021.05.05 13:21:36 IST
Reason: Approved

**DEVI L R**
**SENIOR ADMINISTRATIVE OFFICER**

പകർപ്പ്:
1. പ്രിൻസിപ്പൽ,
   ഗവ: മെഡിക്കൽ കോളേജ്/ദന്തൽ കോളേജ്/ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ, പാരിപ്പള്ളി, എറണാകുളം, ഇടുക്കി, മഞ്ചേരി, കോന്നി.
2. ഡയറക്ടർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി, തിരുവനന്തപുരം.
3. ഡി.എം.ഇ വെബ്സൈറ്റ്/ഓഫീസ് കോപ്പി/കരുതൽ/നോട്ടീസ് ബോർഡ് ഡി.എം.ഇ.